




കേരള സർക്കാർ
കാർഷികവികസന കർഷകക്ഷേമ വകുപ്പ്

# ഞാറ്റുവേല കലണ്ടർ








## കേരളത്തിന്റെ സ്വന്തം ഞാറ്റുവേല

മണ്ണ്, കാലാവസ്ഥ, വിത്ത്, ജലം എന്നിവയുടെ ശരിയായ പാരസ്പര്യത്തിലാണ് കൃഷിയിലെ മികച്ച വിളവിന്റെ അടിത്തറ നിലകൊള്ളുന്നത്. ഇതിൽ കാലാവസ്ഥയ്ക്കും അവയുടെ വ്യതിയാനങ്ങൾക്കും അതിലുൾക്കൊള്ളുന്ന അനിശ്ചിതത്വം കൊണ്ടു തന്നെ വളരെ പ്രധാനമായ സ്ഥാനമാണുള്ളത്. കാലാവസ്ഥയെ അടിസ്ഥാനപ്പെടുത്തി സസ്യങ്ങളുടെ വിവിധ കാലഘട്ടങ്ങളിലുള്ള വളർച്ച, അതിന്റെ വിള പരിപാലന മുറകൾ, കീടരോഗ ആക്രമണം എന്നിവയെല്ലാം ഗ്രഹിച്ച് പൂർവ്വികരാൽ തയ്യാറാക്കപ്പെട്ട കൃഷിയുടെ സമയക്രമമാണ് ഞാറ്റുവേല. ഇതിന് അടിത്തറയാകുന്നത് ഭൂമിയിലെ എല്ലാ ജീവജാലങ്ങൾക്കും ഊർജ്ജം പകരുന്ന സൂര്യനാണ്. ഭൂമി സൂര്യനെ ഒരു പ്രാവശ്യം വലം വയ്ക്കാൻ എടുക്കുന്ന സമയത്തെയും മലയാള മാസത്തേയും നക്ഷത്രങ്ങളെയും സംയോജിപ്പിച്ചു കൊണ്ടാണ് ഞാറ്റുവേല തയ്യാറാക്കിയിട്ടുള്ളത്. ഞാറ്റുവേലയെന്നാൽ ഞായറിന്റെ വേല. അല്ലെങ്കിൽ സൂര്യന്റെ സഞ്ചാരം എന്നർത്ഥം.

**സൂര്യനും ചന്ദ്രനും കൃഷിയിലുള്ള പ്രാധാന്യം**

കാർഷിക രംഗത്ത് സുപ്രധാന പങ്ക് വഹിക്കുന്ന രണ്ടു ഘടകങ്ങളാണ് സൂര്യനും ചന്ദ്രനും. സസ്യങ്ങളുടെ വളർച്ചയെ സ്വാധീനിക്കുന്ന കർത്തവ്യമാണ് സൂര്യൻ നിർവ്വഹിക്കുന്നത് എങ്കിൽ അവയ്ക്ക് ആവശ്യമായ ജലാംശത്തെ ചന്ദ്രൻ സ്വാധീനിക്കുന്നു. സൂര്യനും ചന്ദ്രനും തമ്മിൽ അടുത്തു നിൽക്കുന്ന സമയം, അതായത് അമാവാസിക്ക് അന്തരീക്ഷത്തിൽ ജലാംശം വളരെ കുറവായി അനുഭവപ്പെടുന്നു. അതുകൊണ്ട് തന്നെ വിളവിറക്കൽ പറ്റാത്ത സമയമാണ് ഇത്. എന്നാൽ അമാവാസിയിൽ നിന്ന് പൗർണ്ണമിയിലേക്ക് നീങ്ങുന്ന ചന്ദ്രന്റെ അകലം സൂര്യനിൽ നിന്നു വർദ്ധിക്കുകയും ക്രമേണ അന്തരീക്ഷത്തിലെ ജലാംശം വർദ്ധിക്കുകയും ചെയ്യുന്നു. പൂർണ്ണ ചന്ദ്രനിലേക്ക് നീങ്ങുന്നതിന് മണിക്കൂറുകൾക്ക് മുമ്പ് വിത്തുകൾ വിതയ്ക്കുന്നത് പരമാവധി മുളയ്ക്കാൻ സഹായകമായി കണക്കാക്കുന്നു.

കർഷകനും കേരളത്തിലെ കാർഷിക രംഗത്തിനും പ്രാധാന്യം അർഹിക്കുന്ന മേടം എന്ന മലയാള മാസമാണ് ഞാറ്റുവേലയുടെ തുടക്കമായി കണക്കാക്കുന്നത്. മേടം 1 മുതൽ മീനം 30 വരെയുള്ള ഒരു വർഷക്കാലം 27 ഞാറ്റുവേലകളായി തിരിച്ചിരിക്കുന്നു. ഈ 27 ഞാറ്റുവേലകൾക്കും അശ്വതി മുതൽ രേവതി വരെയുള്ള 27 നക്ഷത്രങ്ങളുടെ പേര് നൽകിയിരിക്കുന്നു. ഭൂമി സൂര്യനെ വലം വയക്കാൻ എടുക്കുന്ന 365 ദിവസത്തെ 27 ഞാറ്റുവേലകളായി തിരിക്കുമ്പോൾ ഓരോ ഞാറ്റുവേലയുടെയും ദൈർഘ്യം 13.5 ദിവസമായി ഒതുങ്ങുന്നു. അങ്ങനെയാകുമ്പോൾ ഒരു മാസത്തിൽ ശരാശരി 2.25 ഞാറ്റുവേല ഉൾപ്പെടുന്നു. മലയാള മാസത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഞാറ്റുവേല സമയക്രമവും ഞാറ്റുവേല കലണ്ടറും ചുവടെ ചേർക്കുന്നു.

## ഞാറ്റുവേലയും തിയ്യതികളും

| | | | |
|---|---|---|---|
| 1. | അശ്വതി | മേടം 01 - മേടം 14 | ഏപ്രിൽ 14 - ഏപ്രിൽ 27 |
| 2. | ഭരണി | മേടം 14 - മേടം 27 | ഏപ്രിൽ 27 - മെയ് 10 |
| 3. | കാർത്തിക | മേടം 28 - ഇടവം 10 | മെയ് 11 - മെയ് 24 |
| 4. | രോഹിണി | ഇടവം 11 - ഇടവം 24 | മെയ് 25 - ജൂൺ 7 |
| 5. | മകയിരം | ഇടവം 25 - മിഥുനം 7 | ജൂൺ 8 - ജൂൺ 21 |
| 6. | തിരുവാതിര | മിഥുനം 8 - മിഥുനം 21 | ജൂൺ 22 - ജൂലായ് 5 |
| 7. | പുണർതം | മിഥുനം 21 - കർക്കിടകം 5 | ജൂലായ് 6 - ജൂലായ് 19 |
| 8. | പൂയം | കർക്കിടകം 6 - കർക്കിടകം 19 | ജൂലായ് 20 - ആഗസ്റ്റ് 2 |
| 9. | ആയില്യം | കർക്കിടകം 19 - ചിങ്ങം 1 | ആഗസ്റ്റ് 3 - ആഗസ്റ്റ് 16 |
| 10. | മകം | ചിങ്ങം 1 - ചിങ്ങം 14 | ആഗസ്റ്റ് 16 - ആഗസ്റ്റ് 29 |
| 11. | പൂരം | ചിങ്ങം 15 - ചിങ്ങം 28 | ആഗസ്റ്റ് 30 - സെപ്റ്റംബർ 12 |
| 12. | ഉത്രം | ചിങ്ങം 29 - കന്നി 11 | സെപ്റ്റംബർ 13 - സെപ്റ്റംബർ 26 |
| 13. | അത്തം | കന്നി 12 - കന്നി 24 | സെപ്റ്റംബർ 27 - ഒക്ടോബർ 10 |
| 14. | ചിത്തിര | കന്നി 24 - തുലാം 8 | ഒക്ടോബർ 11 - ഒക്ടോബർ 24 |
| 15. | ചോതി | തുലാം 8 - തുലാം 21 | ഒക്ടോബർ 24 - നവംബർ 6 |
| 16. | വിശാഖം | തുലാം 21 - വൃശ്ചികം 4 | നവംബർ 6 - നവംബർ 19 |
| 17. | അനിഴം | വൃശ്ചികം 4 - വൃശ്ചികം 17 | നവംബർ 19 - ഡിസംബർ 2 |
| 18. | തൃക്കേട്ട | വൃശ്ചികം 17 - വൃശ്ചികം 31 | ഡിസംബർ 2 - ഡിസംബർ 15 |
| 19. | മൂലം | ധനു 1 - ധനു 14 | ഡിസംബർ 16 - ഡിസംബർ 29 |
| 20. | പൂരാടം | ധനു 14 - ധനു 27 | ഡിസംബർ 29 - ജനുവരി 10 |
| 21. | ഉത്രാടം | ധനു 27 - മകരം 11 | ജനുവരി 10 - ജനുവരി 23 |
| 22. | തിരുവോണം | മകരം 12 - മകരം 25 | ജനുവരി 24 - ഫെബ്രുവരി 6 |
| 23. | അവിട്ടം | മകരം 25 - കുംഭം 7 | ഫെബ്രുവരി 6 - ഫെബ്രുവരി 19 |
| 24. | ചതയം | കുംഭം 7 - കുംഭം 20 | ഫെബ്രുവരി 19 - മാർച്ച് 4 |
| 25. | പൂരുരുട്ടാതി | കുംഭം 20 - മീനം 4 | മാർച്ച് 4 - മാർച്ച് 17 |
| 26. | ഉത്രട്ടാതി | മീനം 5 - മീനം 18 | മാർച്ച് 18 - മാർച്ച് 31 |
| 27. | രേവതി | മീനം 18 - മീനം 31 | മാർച്ച് 31 - ഏപ്രിൽ 13 |

## ഞാറ്റുവേല സമയക്രമം

| മലയാള മാസം | ഞാറ്റുവേലകൾ |
|---|---|
| മേടം | അശ്വതി, ഭരണി, കാർത്തിക |
| ഇടവം | കാർത്തിക, രോഹിണി, മകയിരം |
| മിഥുനം | മകയിരം, തിരുവാതിര, പുണർതം |
| കർക്കിടകം | പുണർതം, പൂയം, ആയില്യം |
| ചിങ്ങം | മകം, പൂരം, ഉത്രം |
| കന്നി | ഉത്രം, അത്തം, ചിത്തിര |
| തുലാം | ചിത്തിര, ചോതി, വിശാഖം |
| വൃശ്ചികം | വിശാഖം, അനിഴം, തൃക്കേട്ട |
| ധനു | മൂലം, പൂരാടം, ഉത്രാടം |
| മകരം | ഉത്രാടം, തിരുവോണം, അവിട്ടം |
| കുംഭം | അവിട്ടം, ചതയം, പൂരുരുട്ടാതി |
| മീനം | പൂരുരുട്ടാതി, ഉത്രട്ടാതി, രേവതി |

## ഞാറ്റുവേലച്ചൊല്ലുകൾ


- അശ്വതിയിലിട്ട വിത്തും, അച്ഛൻ വളർത്തിയ മക്കളും ഭരണിയിലിട്ട മാങ്ങയും കേടാകില്ല.
- കാർത്തികക്കാലും, കാലടി അകലവും, കാഞ്ഞിരത്തോലും, കരിമ്പടപ്പുതപ്പും, കനൽപ്പാടും, ഇഞ്ചിക്കുത്തമം. (കരിമ്പടപ്പുതപ്പ് - ചാണകപ്പൊടി)
- കാർത്തികയിൽ ഇഞ്ചി കാശോളം വെച്ചാൽ മതി
- കാർത്തികയിൽ വഴുതന നട്ട് കയ്യിലോണ്ട് മുക്കി നനയ്ക്കുക.
- കാർത്തികക്കള്ളൻ കവുങ്ങുണക്കും. (മഴ പെയ്യാൻ വരും പക്ഷെ പെയ്യില്ല)
- കാർത്തിക കായണം
- വിരിപ്പ് കായണം മുണ്ടകൻ മുങ്ങണം
- രോഹിണിയിൽ പയർ നട്ടാൽ വിളയും
- മകയിരത്തിൽ മതിമറന്ന് പെയ്യും. മകയിരത്തിൽ വിതച്ചാൽ മദിക്കും. മകയിരത്തിൽ മാരി ചൊരിയും.
- തിരുവാതിരിയിൽ തിരി മുറിയാതെ, തിരുവാതിരിയിൽ വാട്ടലും പിഴിച്ചലും. തിരുവാതിരയിൽ തിരി തെറുക്കും. തിരുവാതിരയിൽ തിരിയിൽ നിന്നും ഒഴുകും പോലെ.
- പറങ്കികൾ കുരുമുളക് കൊടിയല്ലേ കൊണ്ടുപോകൂ. തിരുവാതിര ഞാറ്റുവേല കൊണ്ടുപോകില്ലല്ലോ.
- പുണർതത്തിൽ പോത്തിൻ പുറത്തും പുല്ല് മുളക്കും.

"നമ്മുടെ കൃഷി
നമ്മുടെ ആരോഗ്യം"

ഫാം ഇൻഫർമേഷൻ ബ്യൂറോ www.fibkerala.gov.in

# ഞാറ്റുവേല കലണ്ടർ

| ഞാറ്റുവേലകൾ | സമയം (മലയാളം) | സമയം (ഇംഗ്ലീഷ്) | കൃഷിമുറകൾ |
|---|---|---|---|
| അശ്വതി | മേടം 1 – മേടം 14 | ഏപ്രിൽ 14 – ഏപ്രിൽ 27 | ഇരുപ്പുനിലങ്ങളിൽ നെൽകൃഷി തുടങ്ങാം. ഇരുപ്പുനിലങ്ങളിൽ ഒറ്റപ്പൂവായി കൃഷിയിറക്കുന്ന മൂപ്പുകൂടിയ വിത്തിനങ്ങൾ വിതയ്ക്കാം. വിരിപ്പു നിലങ്ങളിൽ ഒന്നാം വിള വിതയ്ക്കാം.<br>പറമ്പിൽ കിഴങ്ങുവർഗ്ഗങ്ങൾ നടാം<br>വർഷക്കാല കൃഷിക്കായി തൈകൾ തയ്യാറാക്കാം. |
| ഭരണി | മേടം 14 – മേടം 27 | ഏപ്രിൽ 27 – മെയ് 10 | വിരിപ്പുനിലങ്ങളിൽ ഒറ്റപ്പൂവായി ചെയ്യുന്ന വിത്തിനങ്ങൾ വിതയ്ക്കാം. കരനെല്ല് വിതയ്ക്കാം. മധുരക്കിഴങ്ങ് വള്ളിവെച്ച് പിടിപ്പിക്കാം. |
| കാർത്തിക | മേടം 28 – ഇടവം 10 | മെയ് 11 – മെയ് 24 | ഇഞ്ചി, മഞ്ഞൾ എന്നിവ നടാൻ ഉത്തമമായ സമയം. വർഷകാല പച്ചക്കറികളായ കക്കിരി, വെണ്ട, വഴുതന, മുളക് എന്നിവ നട്ടുപിടിപ്പിക്കാൻ പറ്റിയ സമയം. ഇഴവള്ളികൾ (കയ്പ, കുമ്പളം, മത്തൻ, കോവൽ, പീച്ചിൽ) എന്നിവ നട്ടുപിടിപ്പിക്കാം. വേനൽക്കാലത്ത് നനച്ചു പിടിപ്പിക്കുന്ന ചെടികൾക്ക് പ്രതിരോധശക്തി കൂടുതലായിരിക്കും. മഴ തുടങ്ങിയാൽ നന്നായി വളരും. |
| രോഹിണി | ഇടവം 11 – ഇടവം 24 | മെയ് 25 – ജൂൺ 7 | പയറുകൃഷിക്ക് ഏറ്റവും പറ്റിയ സമയം. തെങ്ങിന് തടമെടുക്കാം. എടവപ്പാതി തെങ്ങിൻതടത്തിന്റെ ഉള്ളിലും, തുലാവർഷം തടത്തിന് പുറത്തും പെയ്യണം ' എന്നാണ് പഴമൊഴി. നാടൻ വാഴ, കപ്പ, മധുരക്കിഴങ്ങ് എന്നിവ നടാൻ വേണ്ട തയ്യാറെടുപ്പുകൾ തുടങ്ങാം. റാഗി വിതയ്ക്കാം. മൂപ്പുള്ള വിത്തിനങ്ങൾ പൊടി ഞാറിടാം. വിത്ത് തേങ്ങ, അടയ്ക്ക എന്നിവ പാകാം.<br>പച്ചക്കറികൾ ഈ ഞാറ്റുവേലയുടെ തുടക്കത്തിലെങ്കിലും നട്ടുപിടിപ്പിച്ചിരിക്കണം. അല്ലാത്തപക്ഷം മഴ ശക്തിപ്പെട്ടാൽ വളർച്ചയെ ബാധിക്കും. |
| മകയിരം | ഇടവം 25 – മിഥുനം 7 | ജൂൺ 8 – ജൂൺ 21 | തെങ്ങ്, കവുങ്ങ് എന്നിവ തടമെടുത്ത് പച്ചില വളങ്ങളും മറ്റു വളങ്ങളും ചേർക്കാം. നാടൻവാഴ നട്ടുപിടിപ്പിക്കാം. തെങ്ങ്, കവുങ്ങ് എന്നിവയുടെ തൈകൾ നടാം. പച്ചക്കറികൾക്ക് വളപ്രയോഗം നടത്താം. തോട്ടവിളകൾക്ക് വളം ചേർക്കാൻ പറ്റിയ സമയം.<br>മാവ്, പ്ലാവ്, ഞാവൽ തുടങ്ങിയ എല്ലാ വൃക്ഷങ്ങളും വെച്ചുപിടിപ്പിക്കാൻ പറ്റിയ സമയം. കൈതച്ചക്ക നടാം. |
| തിരുവാതിര | മിഥുനം 8 – മിഥുനം 21 | ജൂൺ 22 – ജൂലായ് 5 | കുരുമുളകുകൊടി നട്ടുപിടിപ്പിക്കാൻ പറ്റിയ സമയം. കൊമ്പു കുത്തി പിടിപ്പിക്കുന്ന ഏത് സസ്യങ്ങളും നടാൻ പറ്റിയ സമയമാണിത്. തിരുവാതിരയിൽ വിരലൂന്നിയാലും മുളയ്ക്കും' എന്നാണ് ചൊല്ല്. ഔഷധസസ്യങ്ങൾ, കാട്ടുമരങ്ങൾ, ഫലവൃക്ഷങ്ങൾ എന്നിവ നടാം. വിരിപ്പുനിലങ്ങളിൽ ഒറ്റപ്പൂവായി കൃഷി ചെയ്യുന്ന മൂപ്പുകൂടിയ നെൽവിത്തിനങ്ങൾ ഈ ഞാറ്റുവേലയിലാണ് ഞാറിടേണ്ടത്.<br>കപ്പ, വാഴ, മധുരക്കിഴങ്ങ്, കൂർക്ക എന്നിവ നടാം. |
| പുണർതം | മിഥുനം 21 – കർക്കിടകം 5 | ജൂലായ് 6 – ജൂലായ് 19 | അമര, ചതുരപ്പയർ എന്നിവ നട്ടുപിടിപ്പിക്കാം. എപ്പോൾ നട്ടാലും ഇവ രണ്ടും അത്തം ഞാറ്റുവേലയാകുമ്പോഴേ കായ്ക്കുകയുള്ളു. വെറ്റിലക്കൊടികൾ നട്ടുപിടിപ്പിക്കാം. സസ്യസംരക്ഷണ പ്രവർത്തനങ്ങൾ നടത്താം. ചാമ വിളവെടുക്കുന്ന സമയം. |
| പൂയം | കർക്കിടകം 6 – കർക്കിടകം 19 | ജൂലായ് 20 – ആഗസ്റ്റ് 2 | വിരിപ്പുനിലങ്ങളിൽ രണ്ടാം വിളയ്ക്ക് (മുണ്ടകൻ) ഞാറിടേണ്ട സമയം. തെങ്ങ്, കവുങ്ങ്, ജാതി, കൊക്കോ തുടങ്ങിയ വിളകളുടെ സസ്യസംരക്ഷണ പ്രവർത്തനം നടത്താം. ഇഞ്ചി, മഞ്ഞൾ, ചേമ്പ്, ചേന എന്നിവയ്ക്ക് വളം ചേർത്ത് മണ്ണിടാം.<br>വെറ്റിലക്കൊടി പിടിപ്പിക്കാം. |
| ആയില്യം | കർക്കിടകം 19 – ചിങ്ങം 1 | ആഗസ്റ്റ് 3 – ആഗസ്റ്റ് 16 | വിരുപ്പുനിലങ്ങളിൽ മൂപ്പുകൂടിയ വിത്തിനങ്ങൾ നടാം. 'ആയില്യത്തിൽ അലകെറിയണം' എന്നാണ് പഴമൊഴി.<br>രണ്ടാം വിളയ്ക്കായി മൂപ്പുകുറഞ്ഞ വിത്തിനങ്ങൾ ഞാറിടാം. തോട്ടവിളകൾക്ക് വളം ചേർത്ത് സസ്യസംരക്ഷണ പ്രവർത്തനങ്ങൾ നടത്താൻ പറ്റിയ സമയം. കർക്കിടകത്തിൽ തോട്ടം കിളക്കുന്ന സമ്പ്രദായം പണ്ടുണ്ടായിരുന്നു.<br>കപ്പ, ചേന, ചേമ്പ്, ഇഞ്ചി, മഞ്ഞൾ എന്നീ വിളകൾക്ക് വളം ചേർത്ത് മണ്ണിടാം. |
| മകം | ചിങ്ങം 1 – ചിങ്ങം 14 | ആഗസ്റ്റ് 16 – ആഗസ്റ്റ് 29 | 'മകമുഖത്തെള്ളെറിയാം. കൊയ്തുകഴിഞ്ഞ പറമ്പുകളിൽ എള്ള് വിതയ്ക്കാം.<br>മുതിര, ഉഴുന്ന് എന്നിവയും വിതയ്ക്കാവുന്നതാണ്. വിരിപ്പ് വിള കൊയ്ത്തു സമയം. കൊയ്തു കഴിഞ്ഞ കണ്ടങ്ങൾ ഉഴുത് പച്ചിലവളം ചേർത്ത് അടുത്ത വിളയ്ക്കായി തയ്യാറാക്കാൻ തുടങ്ങാം. (കാലായപ്പണി) മൂപ്പുകൂടിയ വിത്തിനങ്ങൾ ആയില്യം, മകം ഞാറ്റുവേലകളിൽ നട്ടിരിക്കണം. |
| പൂരം | ചിങ്ങം 15 – ചിങ്ങം 28 | ആഗസ്റ്റ് 30 – സെപ്തംബർ 12 | ഒന്നാംവിളയുടെ കൊയ്ത്തുകാലം, രണ്ടാം വിളയ്ക്കായി നടാനുള്ള ഞാറ് തയ്യാറാക്കണം. കാലായപ്പണിക്കായി നിലമൊരുക്കണം. മധുരക്കിഴങ്ങ് വിളവെടുക്കുന്ന കാലം. |
| ഉത്രം | ചിങ്ങം 29 – കന്നി 11 | സെപ്തംബർ 13 – സെപ്തംബർ 26 | രണ്ടാം വിളയുടെ നടീൽ പ്രവർത്തനങ്ങൾ തുടരാം. |
| അത്തം | കന്നി 12 – കന്നി 24 | സെപ്തംബർ 27 – ഒക്ടോബർ 10 | ഈ ഞാറ്റുവേലയിൽ ആദ്യത്തെ മൂന്നു ദിവസം നെല്ല് നടാറില്ല. വിളവ് കുറയും. അത്തക്കട ശക്തമാവുമെങ്കിലും കതിരു കുറയും. ഇരിപ്പു നിലങ്ങളിലെ രണ്ടാം വിളയുടെ നടീൽ പ്രവർത്തനങ്ങൾ ഈ ഞാറ്റുവേലയിൽ തീർന്നിരിക്കണം. പ്രത്യേകിച്ചും ജലലഭ്യത കുറവായ സ്ഥലങ്ങളിൽ അത്തം കഴിഞ്ഞാൽ പിന്നെ അറ്റക്കടായിൽ ഇടാം എന്നാണ് പഴഞ്ചൊല്ല്. രണ്ടാം വിളക്ക് വേണ്ടത്ര ജലലഭ്യത ഇല്ലാത്ത സ്ഥലങ്ങളിൽ എള്ള്, മുതിര, ഉഴുന്ന്, മധുരക്കിഴങ്ങ് എന്നിവ നടാം. "അത്തമുഖത്ത് എള്ളെറിഞ്ഞാൽ ഭരണിമുഖത്തെണ്ണ" എന്ന് പറയും. അത്തം ഞാറ്റുവേലയുടെ ആദ്യ ദിവസങ്ങളിൽ എള്ള് വിതച്ചാൽ ധാരാളം നല്ല എള്ള് ലഭിക്കും. നേന്ത്രവാഴ (ഓണവാഴ) ഓണത്തിന് കുലവെട്ടുന്നത് നടാം. തിരുവാതിരയിൽ നട്ട കുരുമുളക് വള്ളികൾ താങ്ങുകാലുകളോട് ചേർത്ത് കെട്ടി വളം ചേർക്കണം. തെങ്ങിന് വളം ചേർത്ത് കൊത്തിമൂടാം. തുലാവർഷം കൊത്തി മൂടിയതിന് പുറത്ത് പെയ്യണം എന്നാണ് ചൊല്ല്. ഇത്തരത്തിൽ കൊത്തിമൂടിയ തെങ്ങിൻ തടങ്ങളിൽ വെള്ളരി, കക്കിരി എന്നിവ നടാം. ചതുരപയർ, അമര എന്നിവ പൂവിടാൻ ആരംഭിക്കുന്ന സമയം. നല്ല വണ്ണം പശിമ ചേർത്താൽ നല്ല വിളവ് ലഭിക്കും. |
| ചിത്തിര | കന്നി 24 – തുലാം 8 | ഒക്ടോബർ 11 – ഒക്ടോബർ 24 | ഓണവാഴ നടൽ ഈ ഞാറ്റുവേലയുടെ ആദ്യവേളയിലെങ്കിലും നടന്നിരിക്കണം. വൈകിയാൽ ഓണത്തിന് കുലവെട്ടാനാകില്ല. ഓണവാഴ നന്നായി പരിപാലിച്ചാൽ പത്താം മാസത്തിൽ പഴമാകും എന്നാണ് പഴമൊഴി. ചതുരപ്പയറും,അമരയും കായ്ച്ചുതുടങ്ങും. |
| ചോതി | തുലാം 8 – തുലാം 21 | ഒക്ടോബർ 24– നവംബർ 6 | ചോതി കഴിഞ്ഞാൽ പിന്നെ ചോദ്യമില്ല. ഈ ഞാറ്റുവേലയ്ക്ക്ശേഷം മഴ കുറയും. ചോതി വർഷിച്ചാൽ ചോറിന് പഞ്ഞമില്ല. ചോതിയിൽ മഴ ലഭിച്ചില്ലെങ്കിൽ അത് നെൽകൃഷിയെ വിപരീതമായി ബാധിക്കും. ചോതി ഞാറ്റുവേലയിൽ മഴ ലഭിച്ചാൽ തോട്ടവിളകൾക്കും നല്ലതാണ്. (പിൻവർഷം).ചേമ്പ്, ചേന, കാവത്ത്, കിഴങ്ങുകൾ എന്നിവ വിളവെടുക്കാൻ തുടങ്ങുന്ന സമയമാണ്. |
| വിശാഖം | തുലാം 21 – വൃശ്ചികം 4 | നവംബർ 6– നവംബർ 19 | ഈർപ്പം നിലനിർത്താൻ വേണ്ടി തെങ്ങിൻ പറമ്പുകളും കവുങ്ങിൻ പറമ്പുകളും കിളക്കുന്ന സമയം. ഈ സമയത്ത് ചെടികൾക്ക് പുതയിടുന്നത് ഈർപ്പം നിലനിർത്താൻ സഹായിക്കും. വിശാഖത്തിൽ നെല്ല് കതിരായി നിൽക്കും. "വിശാഖത്തിൽ മഴ പെയ്താൽ ചാഴി ചാവും". കിഴങ്ങ്, കാവത്ത്, ചേന, ചേമ്പ് എന്നിവ ഭക്ഷണമാക്കേണ്ട കാലം. |
| അനിഴം | വൃശ്ചികം 4 – വൃശ്ചികം 17 | നവംബർ 19 – ഡിസംബർ 2 | മഴക്കാലം കഴിയുന്നതോടെ ഞാറ്റുവേലകളുടെ പ്രസക്തി കുറയുന്നു. കേരളത്തിൽ ശീതകാലപച്ചക്കറികളുടെ കൃഷിക്കുപറ്റിയ സമയമാണ്. വേനൽക്കാല കൃഷിക്കായി നഴ്സറി തയ്യാറാക്കാം. നെല്ലിന് ചാഴി ശല്യം പ്രതീക്ഷിക്കാം.<br>നിയന്ത്രണ മാർഗ്ഗങ്ങൾ ചെയ്യണം. |
| തൃക്കേട്ട | വൃശ്ചികം 17 – വൃശ്ചികം 31 | ഡിസംബർ 2 – ഡിസംബർ 15 | വിരിപ്പുനിലങ്ങളിൽ (രണ്ടാംവിള) കൊയ്ത്തുകാലമാണ്. താഴ്ന്ന നിലങ്ങളിലും, കോൾനിലങ്ങളിലും പുഞ്ചകൃഷി ആരംഭിക്കാം. 'തൃക്കേട്ടപുഞ്ച' എന്ന ചൊല്ല് പ്രസിദ്ധമാണ്. പറമ്പുകളിൽ വേനൽക്കാല പച്ചക്കറി കൃഷി ആരംഭിക്കാം.<br>ശീതകാലപച്ചക്കറിക്ക് പറ്റിയ സമയം. |
| മൂലം | ധനു 1 – ധനു 14 | ഡിസംബർ 16 – ഡിസംബർ 29 | കോൾനിലങ്ങളിലും കായൽനിലങ്ങളിലും പുഞ്ചകൃഷിക്ക് പറ്റിയ സമയം. ഇരിപ്പു നിലങ്ങളിൽ കൊയ്തൊഴിഞ്ഞ പാടങ്ങളിൽ ഈർപ്പം കുറയുന്നതിനനുസരിച്ച് പച്ചക്കറികൃഷി ആരംഭിക്കാം. പിൻവർഷം കുറവാണെങ്കിൽ നിലം പെട്ടെന്ന് ഉണങ്ങികിട്ടും. വേനൽക്കാല പച്ചക്കറി കൃഷിക്ക് മണ്ണ് കായേണ്ടത് ആവശ്യമാണ്. വിളവ് കൂടാൻ സഹായിക്കും. വെള്ളരി, മത്തൻ, കുമ്പളം, ചീര, വെണ്ട, കയ്പ, പീച്ചിൽ, കക്കിരി തുടങ്ങി ഏതാണ്ടെല്ലാ പച്ചക്കറികളും വിപുലമായി കൃഷിയിറക്കാൻ പറ്റിയ കാലം. വേനൽക്കാല പച്ചക്കറികളായ മത്തൻ, കുമ്പളം, വെള്ളരി എന്നിവ ജൈവവളം ഉപയോഗിച്ച് ഉണ്ടാക്കിയാൽ ഒരു വർഷത്തോളം സൂക്ഷിച്ച് വെയ്ക്കാനാകും. നല്ല വായു പ്രവാഹമുള്ള മുറികളിൽ വാഴനാരോ, ഓലയോ ഉപയോഗിച്ച് കെട്ടി തൂക്കിയാൽ ഒരു വർഷത്തോളം സൂക്ഷിച്ച് വെയ്ക്കാം. കൊയ്തൊഴിഞ്ഞ പാടങ്ങളിൽ എള്ള്, ഉഴുന്ന്, മുതിര, പയർ എന്നിവ വിതയ്ക്കാം. ജലലഭ്യത ഉണ്ടെങ്കിൽ കപ്പ, മധുരക്കിഴങ്ങ് എന്നിവയും പാടത്ത് ഈ സമയത്ത് കൃഷി ചെയ്യാം. |
| പൂരാടം | ധനു 14 – ധനു 27 | ഡിസംബർ 29 – ജനുവരി 10 | പാടങ്ങളിൽ (വിരിപ്പുനിലങ്ങളിൽ) പച്ചക്കറികൾ, ധാന്യങ്ങൾ എന്നിവ വ്യാപകമായി കൃഷിയിറക്കാം.<br>ജലലഭ്യത ഉറപ്പ് വരുത്തണമെന്ന് മാത്രം. |
| ഉത്രാടം | ധനു 27 – മകരം 11 | ജനുവരി 10 – ജനുവരി 23 | പാടത്തും, പറമ്പിലും വേനൽക്കാല പച്ചക്കറി പണി തുടരാം. തോട്ടങ്ങൾ പുതയിട്ട് സംരക്ഷിച്ചാൽ ജലദൗർലഭ്യം തടയാം. |
| തിരുവോണം | മകരം 12 – മകരം 25 | ജനുവരി 24 – ഫെബ്രുവരി 6 | ഈ ഞാറ്റുവേല കഴിഞ്ഞാൽ പിന്നെ വിരിപ്പുനിലങ്ങളിൽ പച്ചക്കറി വിജയം കാണില്ല.<br>വിഷു കഴിഞ്ഞാൽ ഇടമഴകൾ പെയ്തുതുടങ്ങും. മഴ പെയ്താൽ പിന്നെ പാടങ്ങളിൽ പച്ചക്കറികൃഷി ഗുണം വരില്ല.<br>ആയതിനാൽ മകരം 28 വരെയാണ് വിരിപ്പുനിലങ്ങളിൽ പച്ചക്കറി ചെയ്യാൻ പറ്റിയ സമയം. |
| അവിട്ടം | മകരം 25 – കുംഭം 7 | ഫെബ്രുവരി 6 – ഫെബ്രുവരി 19 | വിത്ത് തേങ്ങ സംഭരിക്കാം. എല്ലാവർഷവും ഒരുപോലെ കായ്ഫലം തരുന്നതും പാതി പ്രായമെത്തിയതും (25 വർഷമെങ്കിലും) ആയ തെങ്ങിന്റെ തേങ്ങയാണ് വിത്തിനായി തിരഞ്ഞെടുക്കേണ്ടത്. വീട്, ചാണകക്കുഴി എന്നിവയ്ക്ക് സമീപം നിൽക്കുന്നതും പ്രത്യേക പരിചരണം നൽകുന്നതുമായ തെങ്ങിന്റെ തേങ്ങ ഒഴിവാക്കുന്നത് നന്നായിരിക്കും. |
| ചതയം | കുംഭം 7 – കുംഭം 20 | ഫെബ്രുവരി 19 – മാർച്ച് 4 | നേന്ത്രവാഴ നടാം. (കുംഭവാഴ) ഈ കാലത്ത് നേന്ത്രവാഴ നട്ടാൽ വൃശ്ചികമാസത്തിൽ കുലവെട്ടാം. ആയതിനാൽ നന ഒഴിവാക്കാനാവും. ചേന, ചേമ്പ്, കാവത്ത്, കിഴങ്ങ് എന്നിവ നടാം. കുംഭമാസത്തിലെ വെളുത്ത വാവിന് ചേന നട്ടാൽ നല്ല വിളവ് ലഭിക്കും. 'കുംഭപ്പിറ കുടത്തോളം. തെങ്ങിൻതൈകൾ വച്ച് പിടിപ്പിക്കാം. നനച്ച് പിടിപ്പിക്കുന്ന തെങ്ങിൻ തൈകൾ മഴക്കാലം വരുന്നതോടെ ശക്തിയായി വളരും. |
| പൂരുരുട്ടാതി | കുംഭം 20 – മീനം 4 | മാർച്ച് 4 – മാർച്ച് 17 | പച്ചക്കറി, തോട്ടവിളകൾ എന്നിവയ്ക്ക് നന തുടരാം. ചേന, ചേമ്പ്, കാവത്ത് മറ്റു കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവ നടാം. തെങ്ങിൻ തൈകളും മറ്റും വെച്ച് നനച്ചു പിടിപ്പിക്കാൻ പറ്റിയ സമയം. |
| ഉത്രട്ടാതി | മീനം 5 – മീനം 18 | മാർച്ച് 18 – മാർച്ച 31 | ഇടമഴ പെയ്താൽ ഇരിപ്പുനിലങ്ങളിൽ ഒന്നാം വിളയ്ക്കായി നിലമൊരുക്കാം. ചാണകപ്പൊടി, ചാരം എന്നിവ ചേർത്ത് വിതറി കണ്ടങ്ങൾ അരികു കിളച്ച് പൂട്ടിയൊരുക്കിയിടാം. |
| രേവതി | മീനം 18 – മീനം 31 | മാർച്ച് 31 – ഏപ്രിൽ 13 | പുഞ്ചകൊയ്ത്തുകാലം വിരിപ്പുനിലങ്ങളിൽ ഉഴുതിട്ട കണ്ടങ്ങൾ വീണ്ടും ഉഴുത് കായാനിടാം. ഇത് വിളവ് കൂടാനും പുല്ല് മുളച്ച് പോകാനും സഹായിക്കും. മൂപ്പ് കൂടിയ വിത്തിനങ്ങൾ ഈ ഞാറ്റുവേലയിൽ വിതച്ചിടാം. |


മേടം
ഇടവം
മിഥുനം
കർക്കിടകം
ചിങ്ങം
കന്നി
തുലാം
വൃശ്ചികം
ധനു
മകരം
കുംഭം
മീനം
മേയ്
ജൂൺ
ജൂലായ്
ആഗസ്റ്റ്
സെപ്റ്റംബർ
ഒക്ടോബർ
നവംബർ
ഡിസംബർ
ജനുവരി
ഫെബ്രുവരി
മാർച്ച്
ഏപ്രിൽ
അശ്വതി
ഭരണി
കാർത്തിക
കാർത്തിക
രോഹിണി
മകയിരം
മകയിരം
തിരുവാതിര
പുണർതം
പൂയം
ആയില്യം
മകം
പൂരം
ഉത്രം
അത്തം
ചിത്തിര
ചോതി
വിശാഖം
അനിഴം
തൃക്കേട്ട
മൂലം
പൂരാടം
ഉത്രാടം
തിരുവോണം
അവിട്ടം
ചതയം
പൂരുരുട്ടാതി
ഉത്രട്ടാതി
രേവതി
കരനെല്ല് വിതയ്ക്കാം മധുരക്കിഴങ്ങ് വള്ളി നടാം.
ഇഞ്ചി, മഞ്ഞൾ, വെണ്ട, വഴുതന, കയ്പ, കുമ്പളം, മത്തൻ എന്നിവ നടാം.
തെങ്ങിനു തടമെടുക്കാം പയർ നടാം.
തെങ്ങ്, കമുക് നടാം. മാവ്, പ്ലാവ് കൈതച്ചക്ക നടാം
കുരുമുളക് വള്ളി വച്ചുപിടിപ്പിക്കാം തെങ്ങിൻതൈ നടാം ഓടിച്ചുകുത്തി വയ്ക്കുന്ന എന്തും നടാം
ചതുരപ്പയറും അമരയും നടാം വെറ്റിലക്കൊടി വച്ചുപിടിപ്പിക്കാം
വെറ്റിലക്കൊടി വച്ചുപിടിപ്പിക്കാം മുണ്ടകൻ കൃഷിക്കു ഞാറിടാം
കപ്പ, ചേന, ചേമ്പ് എന്നിവയ്ക്കു വളം ചേർത്തു മണ്ണിടാം
എള്ളു വിതയ്ക്കാം ഉഴുന്ന്, മുതിര എന്നിവയും വിതയ്ക്കാം
രണ്ടാം വിളയ്ക്കായി ഞാറു തയ്യാറാക്കാം
രണ്ടാം വിളയുടെ തുടർ പ്രവർത്തനങ്ങൾ
നേന്ത്രവാഴ നടാം എള്ള്, ഉഴുന്ന്, മുതിര എന്നിവ വിതയ്ക്കാം. വെള്ളരി, കക്കിരി എന്നിവ നടാം.
തെങ്ങിനു വളം ചേർത്ത് മണ്ണിടാം. വാഴക്കന്ന് നടാം.
ചേന, ചേമ്പ് തുടങ്ങിയ കിഴങ്ങുവർഗങ്ങൾ വിളവെടുക്കാം
തെങ്ങിനും കമുകിനും തടം കിളച്ചു കൊടുക്കേണ്ട സമയം
ശീതകാല പച്ചക്കറി കൃഷിക്കു നല്ല സമയം
പുഞ്ചക്കൃഷി ആരംഭിക്കാം.
കൊയ്ത്തുകഴിഞ്ഞ പാടത്തു പച്ചക്കറികൃഷിക്കു തയ്യാറെടുക്കാം
വെണ്ട, വഴുതന, മത്തൻ, കുമ്പളം തുടങ്ങിയവ നടാം.
വേനൽക്കാല പച്ചക്കറികൃഷി തുടങ്ങാൻ പറ്റിയ സമയം
വെള്ളരി, കക്കിരി തുടങ്ങിയവയ്ക്ക് പറ്റിയ സമയം. മറ്റു പച്ചക്കറികളുമാകാം.
പച്ചക്കറികൃഷി ത്തടങ്ങളിൽ മണ്ണിട്ടുകൊടുക്കാം
ചേന തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങൾ നടാം.
കിഴങ്ങുവർഗ്ഗങ്ങൾ നടാം. തെങ്ങിൻ തൈ വച്ചുപിടിപ്പിക്കാം
കിഴങ്ങുവർഗ്ഗങ്ങൾക്ക് നല്ല സമയം. ഒന്നാം വിളയ്ക്കു നിലമൊരുക്കാം.
പുഞ്ചവിള കൊയ്തെടുക്കാം. മൂപ്പു കൂടിയ വിത്തുകൾ വിതയ്ക്കാനും നല്ല സമയം
നെൽകൃഷിക്കു വിത്തു വിതയ്ക്കാം കിഴങ്ങുകൾ നടാം